**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew PEN 793585), അസിസ്റ്റന്റ് സർജൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. A6- 21041/2018//ജിമെആ ആലപ്പുഴ തീയതി 14.11.2018
2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4-99697/2018/ആവഡ തീയതി 12/2018
3. കത്ത് നം ഇഎ4-99697/2018/ആവഡ തീയതി 14.12.2019
4. കാരണം കാണിക്കൽ നോട്ടീസ് DHS/10000/2025-EA4 തീയതി 14.08.2025
5. ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew)സമർപ്പിച്ച അപേക്ഷ തീയതി 06.09.2025
6. സർക്കുലർ നം എ3/570/2018/ആകുവ തീയതി 29.12.2018
7. സർക്കുലർ നം എ3/570/2018/ആകുവ തീയതി 22.11.2019
8. എം2/268/2024/ഹെൽത്ത് തീയതി 27.05.2024
9. എ2/411/2024/ഹെൽത്ത് തീയതി 23.12.2024

**ഉത്തരവ് നം. DHS/10000(6)/2025-EA4 തീയതി.01-01-2026**

ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew), 10.01.2017 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. ആലപ്പുഴ തുറവൂർ താലൂക്ക് ആശുപത്രിയിൽ കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ / അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 06.10.2018 തീയതി മുതൽ അനധികൃതമായി

ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താല്പര്യപ്പെടുന്നുവെങ്കിൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന പ്രവണത ആവർത്തിക്കുകയില്ലെന്നും അച്ചടക്ക നടപടിയ്ക്കു വിധേയമായി തിരികെ സേവനത്തിൽ പ്രവേശിക്കാമെന്നും നിശ്ചിത മാതൃകയിൽ രേഖപ്പെടുത്തിയ ബോണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം 15 ദിവസത്തിനകം ലഭ്യമാക്കുന്നതിനും അല്ലാത്ത പക്ഷം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും പരാമർശം (3) പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ടിയാൾ പ്രതികരിച്ചിട്ടില്ല. ഡോ അമിത ബേബി മാത്യു അനധികൃതഹാജരില്ലായ്മയിൽ തുടർന്നിരുന്നതിനാൽ പരാമർശം (4) പ്രകാരം വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകി. പരാമർശം (5) പ്രകാരം ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew) ടി നോട്ടീസിന് മറുപടി സമർപ്പിച്ചു. ടിയാൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ തുടർന്ന് ആശുപത്രിയ്ക്കും രോഗികൾക്കും ഉണ്ടായ ബുദ്ധിമുട്ടിന് ഖേദം പ്രകടിപ്പിക്കുന്നതായും നിലവിൽ സേവനത്തിൽ പ്രവേശിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനും തയ്യാറാണെന്നും ടിയാളുടെ താമസസ്ഥലമായ എറണാകുളം ജില്ലയിൽ നിയമനം നൽകണമെന്നും അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നു.

(2). ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew) സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. വ്യക്തിപരമായ കാരണങ്ങളാലാണ് ടിയാൾ സേവനത്തിൽ നിന്നും വിട്ടു നിന്നതെന്ന് കാണുന്നു. യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ ന്യായീകരിക്കുന്നതിനാവശ്യമായ വാദമുഖങ്ങൾ ഉന്നയിക്കുന്നതിന് ടിയാൾക്ക് കഴിഞ്ഞിട്ടില്ല ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ടിയാൾക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് പരാമർശം (3)

പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറും അനധികൃത ഹാജരില്ലായ്മകാർക്ക് തിരികെ പ്രവേശിക്കുന്നതിന് പരാമർശം (6), (7), (8) പ്രകാരം സർക്കാർതലത്തിലും അവസരം നൽകിയിരുന്നതാണ്. പ്രസ്തുത അവസരങ്ങൾ ടിയാൾ പ്രയോജനപ്പെടുത്തിയിട്ടില്ല ടി സാഹചര്യത്തിൽ പരാമർശം (5) പ്രകാരം ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew) സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 06.10.2018 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew) അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ അമിത ബേബി മാത്യു (Dr Amitha Baby Mathew) അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 01-01-2026 10:23:47

**Dr REENA K J**
**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Amitha Baby Mathew,**
**Vettoor House, Kalathipady, Vadavathoor**
**Kottayam- 686010.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
ആലപ്പുഴ
3. സൂപ്രണ്ട്,
താലൂക്കാശുപത്രി തുറവൂർ, ആലപ്പുഴ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ